7389 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ മുഖേന ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി 2021 ഡിസംബർ അവസാനത്തോടെ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

കെ-ഫോൺ പദ്ധതി

46 (3073) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ശക്തവും കാര്യക്ഷമവുമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ?

ജനങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടം 2021 ഫെബ്രുവരി 15-ന് പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 30000 ഓഫീസുകളുടെ സർവ്വേയും 35000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി. പോളുകളുടെ സർവ്വേയും 375 PoP (Point of Presence)-കളുടെ പ്രീഫാബ് ലൊക്കേഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. നെറ്റ്വർക്ക് ഓപ്പറേഷൻസ് സെന്ററിന്റെ പണികൾ പൂർത്തീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി. പോളുകൾ വഴി കേബിളുകൾ വലിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനോടകം സംസ്ഥാനത്താകമാനം 7389 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ മുഖേന ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാൻ കെ-ഫോൺ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്നു. കൂടാതെ സംസ്ഥാനത്തെ 30000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആദ്യ ഘട്ടത്തിൽ ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എപ്രകാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി&ഡി) അതിവേഗ ഇന്റർനെറ്റ് കണക്ഷൻ നൽകുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ-ഫോൺ). പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ സർക്കാർ ഓഫീസുകൾക്കും സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ ആശുപത്രികൾക്കും അതിവേഗ ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

എല്ലാ മണ്ഡലങ്ങളിലും ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടി

47 (3074) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. മേഖലയിൽ തൊഴിൽലഭ്യത വളരെ കൂടുതലുള്ള സാഹചര്യത്തിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പരിഗണനയിലില്ല.

(ബി) സംസ്ഥാനത്തെ ഇന്ത്യയുടെ ഐ.ടി. ഹബ്ബാക്കി മാറ്റാൻ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഐ.ടി. വ്യവസായ മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഐ.ടി. പാർക്കുകൾ കേന്ദ്രീകരിച്ച് നിരവധി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ടെക്നോ സിറ്റിയിലെ ഗവൺമെന്റ് ഐ.ടി. കെട്ടിടത്തിനുപുറമേ ടെക്നോപാർക്കിന്റെ വിവിധ ഘട്ടങ്ങളിലെ ഉപസംരംഭകരായ ടി.സി.എസ്., സൺടെക് ബിസിനസ്സ് സൊലൂഷൻസ്, ടോറസ് ഗ്രൂപ്പ് എന്നിവരുടെ പദ്ധതികൾ ഉൾപ്പെടെ 17.6 ലക്ഷം ച.അടി വിസ്തീർണ്ണത്തിൽ ഐ.ടി. സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. അടുത്ത 5 വർഷംകൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികളാണ് ടെക്നോപാർക്ക് ഫേസ്-1-ൽ ബ്രിഗേഡ് ഗ്രൂപ്പ്, കാർണിവൽ ഇൻഫോപാർക്ക്; ടെക്നോപാർക്ക് ഫേസ്-3-യിൽ ടെക്നോപാർക്കിന്റെ പുതിയ കെട്ടിടം, ടോറസ്സിന്റെ വിവിധ വികസന ഘട്ടങ്ങൾ, വിൻവിഷ് ടെക്നോളജീസ്; ടെക്നോസിറ്റിയിൽ കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ സ്പെയ്സ് പാർക്ക് പ്രോജക്ട്, റ്റി.സി.എസ്. & റ്റാറ്റ ഇലക്സി, (ഡിജിറ്റൽ ഡാറ്റ സെന്റർ) ബ്രിഗേഡിന്റെ വേൾഡ് ട്രേഡ് സെന്റർ

LIBRARY ARCHIVES Kerala Legislative Assembly